I/132532/2023

ഫയൽ നം : L1/353/2023-TC തിയതി : 23-06-2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ :

TOJO M THOMAS
സംസ്ഥാന പൊതു വിവരാവകാശ ഓഫീസർ &
അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില,
ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി ഓ,
തിരുവനന്തപുരം 695 014

സ്വീകർത്താവ്:

ശ്രീ ഉത്തമൻ ടി ജി,
തടത്തിൽ, മുക്കട. പി. ഓ,
ചാരുവേലി, കോട്ടയം 686 544

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - വിവരാവകാശ നിയമം 2005 – മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 29.05.2023 ൽഈ ഓഫീസിൽ ലഭിച്ച താങ്കളുടെ 27.05.2023-ലെ വിവരാവകാശ നിയമ പ്രകാരം (under Section 6 of the Right to Information Act 2005)വിവരം ലഭിക്കുന്നതിനുള്ള അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ മേൽ അപേക്ഷയിൽ ഈ ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

1 ) ശ്രീ ഷിബു ടി നായരുടെ നിയമനങ്ങളും സ്ഥലം മാറ്റങ്ങളും ടിയാന്റെ വ്യക്തിപരമായ വിവരങ്ങളായതിനാലും പൊതുതാൽപര്യം ഇല്ലാത്തതിനാലും താകളുടെ ആവശ്യം വിവരാവകാശ നിയമം 2005 വകുപ്പ് 8(1)(ജെ) പ്രകാരം നിരസിക്കുന്നു( ബഹു സുപ്രീം കോടതിയുടെ Canara Bank Vs C S Shyam എന്ന കേസിലെ 31.08.2017ലെ വിധി പ്രകാരം).

2) കോട്ടയം എൻഫോഴ്സ്മെന്റ് ആർ.ടി ഓഫീസിലെ ഡ്രൈവർ ശ്രീ.ഷിബു റ്റി നായർ സ്ഥിരമായി മദ്യപിച്ച് മോട്ടോർ വകുപ്പിലെ വാഹനവും, ടിയാന്റെ സ്വന്തം വാഹനവും ഓടിക്കുന്നതായും, കാണിച്ചു ശ്രീ.റ്റി.ജി ഉത്തമൻ സമർപ്പിച്ച പരാതി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനു കോട്ടയം എൻഫോഴ്സ്മെന്റ് ആർ.ടി.ഒ-ക്ക് നിർദ്ദേശം നൽകുകയും ആയതിനു 05.05.2023-ൽ കോട്ടയം എൻഫോഴ്സ്മെന്റ് ആർ.ടി.ഒ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

അന്വേഷണം നടത്തുന്നതിന്റെ ഭാഗമായി പരാതിക്കാരനായ ശ്രീ. റ്റി.ജി ഉത്തമൻ എന്നയാളെ കൂടിക്കാഴ്ചക്ക് ക്ഷണിച്ചു കൊണ്ട് 17.02.2023-ൽ നൽകിയ കത്തിന് അക്നോളജ്മെന്റ് കാർഡ് ലഭിച്ചു എങ്കിലും പരാതിക്കാരൻ ഹാജരായില്ല എന്നും, മുൻകാലങ്ങളിൽ ശ്രീ. ഷിബു റ്റി നായർ, ഓഫീസിൽ ഹാജരാകുമ്പോൾ മദ്യത്തിന്റെ ഗന്ധം അനുഭവപ്പെട്ട അവസരങ്ങളിൽ ജോലി ചെയ്യുവാൻ അനുവദിക്കാതെ തിരികെ അയച്ച സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട് എന്നും, ഇതിനെത്തുടർന്ന് നൽകിയ താക്കീതിന്റെ അടിസ്ഥാനത്തിൽ നിലവിൽ പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഒന്നും തന്നെ ടിയാൻ ആവർത്തിക്കുന്നില്ല എന്നും ആർ ടി ഓ മറുപടി നൽകുകയും , റിപ്പോർട്ടിന് അടിസ്ഥാനത്തിൽ ശ്രീ. ശ്രീ.റ്റി.ജി ഉത്തമന് 05.06.2023-ൽ മറുപടി നല്കിയിട്ടുള്ളതുമാണ്.

3,4) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ലഭ്യമാക്കുന്നതിനായി താങ്കളുടെ അപേക്ഷ കോട്ടയം ആർ ടി

ഓഫീസിലേയ്ക്ക് അയച്ച് നല്കിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു

5. സർക്കാർ ഉത്തരവ് 03/2017/പി & എ ആർ ഡി എന്ന് ഉത്തരവ് പ്രകാരം ഒരു ഉദ്യോഗസ്ഥന് ഒരു ഓഫീസിൽ ജോലി ചെയ്യുന്ന കാലയളവിന് പരമാവധി പരിധി നിശ്ചയിച്ചിട്ടില്ല.

6 ) 2002 മുതൽ 2023 വരെ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളിലും ജോലി ചെയ്തിട്ടുള്ള ഡ്രൈവർമാരുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. നിയമനങ്ങളും സ്ഥലം മാറ്റങ്ങളും വ്യക്തിപരമായ വിവരങ്ങളാണ് എന്നും വിവരാവകാശ നിയമം 2005 വകുപ്പ് 8(1)(ജെ) പ്രകാരവും ബഹു സുപ്രീം കോടതിയുടെ Canara Bank Vs C S Shyam എന്ന കേസിലെ 31.08.2017ലെ വിധി പ്രകാരവും പൊതുതാൽപര്യം ഇല്ലാത്തതെ വ്യകതിഗത വിവരം നൽകേണ്ടതില്ല എന്നും അറിയിക്കുന്നു.

മേൽ നൽകിയ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ മറുപടി കൈപ്പറ്റി 30 ദിവസങ്ങൾക്കുള്ളിൽ താഴെ സൂചിപ്പിച്ചിട്ടുള്ള അപ്പലേറ്റ് അതോറിറ്റി സമക്ഷം താങ്കൾക്ക് ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

Signed by
Tojo M Thomas
Date: 23-06-2023 16:19:23

TOJO M THOMAS
ASSISTANT TRANSPORT COMMISSIONER

പകർപ്പ് :-

1. സെക്ഷൻ ക്ലാർക്ക്, എൽ1 സെക്ഷൻ
2. സെക്ഷൻ ക്ലാർക്ക്, എസ്.എസ്.ജി 2 സെക്ഷൻ (ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിലേക്ക്)

**<u>അപ്പീൽ അധികാരി</u>**

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, ട്രാൻസ് ടവേഴ്സ്, രണ്ടാം നില,
വഴുതക്കാട്, തൈക്കാട് പി.ഓ , തിരുവനന്തപുരം - 695014
☎ 0471-2333323 | ഇ-മെയിൽ: jtc.mvd@kerala.gov.in